**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് – 2017 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്**

സ.ഉ (സാധാ) നം. 550 /2017/ധന തിരുവനന്തപുരം, തിയതി . 15 /12 /2017

---

സൂചന :-
1. സ ഉ ( പി ) 384/2014/ധന തിയതി 05/09/2014
2. സ ഉ ( എം എസ്) 437/2016/ധന തിയതി 08/11/2016
3. സ ഉ ( എം എസ്) 503/2016/ധന തിയതി 21/12/2016
4. സ ഉ (എം എസ് ) 34/2017/ധന തിയതി 21/01/2017
5. സ ഉ (എം എസ് ) 67/2017/ധന തിയതി 06/02/2017
6. സ ഉ (എം എസ് ) 204/2017/ധന തിയതി 23/03/2017
7. പഞ്ചായത്ത് ഡയറക്ടറുടെ 06/12/2017 തിയതിയിലെ ഡി ബി ടി 40425/2017 നമ്പർ കത്ത്
8. പഞ്ചായത്ത് ഡയറക്ടറുടെ 07/12/2017 തിയതിയിലെ ഇ-മെയിൽ സന്ദേശം

**ഉത്തരവ്**

സാമൂഹ്യ സുരക്ഷാ പെൻഷൻ 2016 ജൂൺ മുതൽ 1000/- രൂപ ആയും 2017 ഏപ്രിൽ മുതൽ 1100/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട് . ഇത്തരത്തിൽ വർദ്ധിപ്പിച്ച പെൻഷൻ ഗുണഭോക്താക്കളുടെ താത്പര്യ പ്രകാരം ബാങ്ക് അക്കൗണ്ട് വഴിയോ സഹകരണ സംഘങ്ങൾ വഴി നേരിട്ടോ നൽകി വരുന്നു. 2017 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. 2017 സെപ്റ്റംബർ മുതൽ നവംബർ വരെയുള്ള 3 മാസത്തേക്ക് സാമൂഹിക സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് **1360,81,69,800** രൂപ (ആയിരത്തി മുന്നൂറ്റി അറുപത് കോടി എൺപത്തി ഒന്ന് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി എണ്ണൂറ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (7)പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി അനുവദിച്ചിട്ടുള്ള തുകയിൽ വിവിധ കാരണങ്ങളാൽ വിതരണം ചെയ്യപ്പെടാത്ത 256,10,58,363 രൂപ എസ്.ബി.ഐ അക്കൗണ്ടിലും 250,53,51,563 രൂപ ട്രഷറി അക്കൗണ്ടിലും( ആകെ 506,64,09,926 രൂപ) നീക്കിയിരുപ്പുള്ളതായും പരാമർശം (8) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. 2017 സെപ്റ്റംബർ മുതൽ നവംബർ വരെയുള്ള 3 മാസത്തേക്ക് സാമൂഹിക സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക്

ആവശ്യമായ 1360,81,69,800 രൂപയിൽ നിന്നും കഴിഞ്ഞ കാലങ്ങളിൽ പെൻഷൻ വിതരണത്തിനായി അനുവദിച്ച തുകയിൽ വിതരണം ചെയ്യപ്പെടാതെ എസ് ബി ഐ അക്കൗണ്ടിലും ട്രഷറി അക്കൗണ്ടിലുമായി അവശേഷിക്കുന്ന മൊത്തം തുകയായ 506,64,09,926 രൂപ വാർദ്ധക്യ കാല പെൻഷൻ തുകയിൽ നിന്നും ആനുപാതികമായി തട്ടിക്കിഴിച്ചതിനുശേഷം 854,17,59,874 രൂപ (എണ്ണൂറ്റി അമ്പത്തിനാല് കോടി പതിനേഴ് ലക്ഷത്തി അമ്പത്തൊമ്പതിനായിരത്തി എണ്ണൂറ്റി എഴുപത്തിനാല് രൂപ മാത്രം ) അനുവദിച്ച് ഉത്തരവാകുന്നു. ഓരോ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനിലും 2017 സെപ്റ്റംബർ മുതൽ നവംബർ വരെയുള്ള 3 മാസത്തേക്കുള്ള പെൻഷൻ നൽകുന്നതിന് ആവശ്യമായ തുകയുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധം ഒന്നും രണ്ടുമായി ചേർത്തിരിക്കുന്നു .

3) ബന്ധപ്പെട്ട ശീർഷകങ്ങളിൽ തുക കുറവുണ്ടാകുന്ന പക്ഷം അധിക ധനാനുമതിക്കായുള്ള അപേക്ഷ കൺട്രോളിംഗ് ഓഫീസർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

4) സാമൂഹ്യ സുരക്ഷാ പെൻഷൻ വീട്ടുകളിൽ നേരിട്ട് വിതരണം നടത്തുന്നതിനാവശ്യമായ തുക പിൻവലിച്ച് ഈ ആവശ്യത്തിനായി പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൗണ്ട് നമ്പർ 79902100000001 ൽ നിക്ഷേപിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

5) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുക പിൻവലിച്ച് ഈ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള എസ് ബി അക്കൗണ്ട് നമ്പർ 67234515304 ൽ നിക്ഷേപിക്കാനും പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

6) ഈ ഫണ്ട് പിൻവലിക്കൽ എല്ലാവിധ ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ ബി
ജോയിന്റ് സെക്രട്ടറി (ധനകാര്യ വകുപ്പ്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/എ & ഇ),കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സം ഘം രജിസ്ട്രാർ
`തദ്ദേശ സ്വയം ഭരണ (ഡി സി )വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം,

വിവര പൊതു ജനസമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം -I

## 2017 സെപ്റ്റംബർ മുതൽ നവംബർ വരെയുള്ള പെൻഷൻ (വാർദ്ധക്യ കാല പെൻഷൻ ഒഴികെയുള്ള) തുകയുടെ വിവരങ്ങൾ

| | പെൻഷൻ തരം | ശീർഷകം | തുക (രൂപയിൽ ) | | |
|---|---|---|---|---|---|
| | | | ഡി .ടി.എച്ച് | ബാങ്ക് | ആകെ |
| മുനിസിപ്പാലിറ്റി | കർഷക തൊഴിലാളി പെൻഷൻ | 2235-60-192-50-02(എൻ പി) | 9,30,41,100 | 3,45,43,800 | 12,75,84,900 |
| | ഇന്ദിരാഗാന്ധി ദേശീയ ഡിസെബിലിറ്റി പെൻഷൻ | 2235-02-192-50(എൻ പി) | 7,15,81,800 | 5,86,20,600 | 13,02,02,400 |
| | 50 വയസ് കഴഞ്ഞ അവിവാഹിതരായ വനിതകൾ ക്കുള്ള പെൻഷൻ | 2235-60-192-50(എൻ പി) | 1,91,07,300 | 1,39,49,700 | 3,30,57,000 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാപെൻഷൻ | 2235-60-192-50 (എൻ പി) | 23,69,69,400 | 25,02,33,600 | 48,72,03,000 |
| മുനിസിപ്പൽ കോർപ്പറേഷൻ | കർഷക തൊഴിലാളി പെൻഷൻ | 2235-60-191-50(എൻ പി) | 86,22,300 | 98,09,700 | 1,84,32,000 |
| | ഇന്ദിരാഗാന്ധി ദേശീയ ഡിസെബിലിറ്റി പെൻഷൻ | 2235-02-191-50(എൻ പി) | 1,98,50,700 | 4,92,27,600 | 6,90,78,300 |
| | 50 വയസ് കഴഞ്ഞ അവിവാഹിതരായ വനിതകൾ ക്കുള്ള പെൻഷൻ | 2235-60-191-50(എൻ പി) | 94,84,200 | 1,80,20,100 | 2,75,04,300 |
| | ഇന്ദിരാഗാന്ധി ദേശീയവിധവാപെൻഷൻ | 2235-60-191-50(എൻ പി) | 6,39,97,800 | 22,85,72,700 | 29,25,70,500 |
| ഗ്രാമ പഞ്ചായത്ത് | കർഷക തൊഴിലാളി പെൻഷൻ | 2235-60-198-50(എൻ പി) | 89,94,64,200 | 47,21,35,500 | 137,15,99,700 |
| | ഇന്ദിരാഗാന്ധി ദേശീയ ഡിസെബിലിറ്റി പെൻഷൻ | 2235-02-198-50(എൻ പി) | 49,41,41,100 | 44,98,22,700 | 94,39,63,800 |
| | 50 വയസ് കഴഞ്ഞ അവിവാഹിതരായ വനിതകൾ ക്കുള്ള പെൻഷൻ | 2235-60-198-50(എൻ പി) | 10,25,17,800 | 8,40,00,600 | 18,65,18,400 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാപെൻഷൻ | 2235-60-198-50(എൻ പി) | 141,82,22,400 | 173,18,25,600 | 315,00,48,000 |
| ആകെ | | | 343,70,00,100 | 340,07,62,200 | 683,77,62,300 |

## 2017 സെപ്റ്റംബർ മുതൽ നവംബർ വരെയുള്ള ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ തുകയുടെ വിവരങ്ങൾ

ബാങ്ക് വഴി വിതരണം നടത്തുന്നത്

| പ്രാദേശിക സർക്കാർ | ശീർഷകം | ആവശ്യമായ തുക (രൂപയിൽ ) | തട്ടിക്കിഴിക്കുന്ന തുക ( രൂപയിൽ) | അനുവദിക്കുന്ന തുക (രൂപയിൽ ) |
|---|---|---|---|---|
| മുനിസിപ്പാലിറ്റി | 2235-60-192-48-02(പി) | 41,42,74,200 | 29,46,86,672 | 11,95,87,528 |
| മുനിസിപ്പൽ കോർപ്പറേഷൻ | 2235-60-191-48-02(പി) | 31,85,09,400 | 22,65,66,064 | 9,19,43,336 |
| ഗ്രാമ പഞ്ചായത്ത് | 2235-60-198-48-02(പി) | 286,75,84,200 | 203,98,05,627 | 82,77,78,573 |
| ആകെ | | 360,03,67,800 | 256,10,58,363 | 103,93,09,437 |

സഹകരണ സംഘങ്ങൾ വഴി വീട്ടുകളിൽ നേരിട്ടെത്തിക്കുന്നത്.

| പ്രാദേശിക സർക്കാർ | ശീർഷകം | ആവശ്യമായ തുക | തട്ടിക്കിഴിക്കുന്ന തുക (രൂപയിൽ ) | അനുവദിക്കുന്ന തുക (രൂപയിൽ ) |
|---|---|---|---|---|
| മുനിസിപ്പാലിറ്റി | 2235-60-192-48-02(പി) | 42,75,27,600 | 33,78,84,393 | 8,96,43,207 |
| മുനിസിപ്പൽ കോർപ്പറേഷൻ | 2235-60-191-48-02(പി) | 12,65,96,400 | 10,00,51,898 | 2,65,44,502 |
| ഗ്രാമ പഞ്ചായത്ത് | 2235-60-198-48-02(പി) | 261,59,15,700 | 206,74,15,272 | 54,85,00,428 |
| ആകെ | | **317,00,39,700** | **250,53,51,563** | **66,46,88,137** |